₹ 5/-

# റിയൽ ലൈഫ് വോയ്സ്

# R E A L  L I F E  V O I C E

Monthly

Volume 10
Issue 7

**January 2022**

pages 24

“പുത്രനെ നോക്കിക്കൊണ്ട് അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകേണമെന്നാകുന്നു എന്റെ പിതാവിന്റെ ഇഷ്ടം; ഞാൻ അവനെ ഒടുക്കത്തെ നാളിൽ ഉയിർത്തെഴുന്നേല്പിക്കും. ഞാൻ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങി വന്ന അപ്പം...’’

**(യോഹന്നാൻ 6:40,41)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L L I F E V O I C E

**Volume 10** **Issue 7** **January 2022** **pages 24** **Rs.5/-**

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

താത്പര്യമുള്ളവർക്ക് വരിസംഖ്യയോ സംഭാവനയോ Google Pay ചെയ്യുകയോ, ബാങ്കിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുകയോ ചെയ്യാം. **ദയവായി മണിഓർഡർ അയയ്ക്കരുത്**

*Bank:*
The Dhanlaxmi Bank Ltd.
*Branch:* Kottekad.
*IFS Code:*
DLXB0000087
*A/c No.:*
008700100014394



**Email: reallifekottekad@gmail.com**
**Website: www.reallifevoice.in**


**Book No. 121**

## ഉള്ളടക്കം


| | പേജ് |
|---|---|
| • ഒന്നരക്കോടി | 3 |
| • അത്ഭുതങ്ങൾ അന്നും ഇന്നും | 6 |
| • തൃശ്ശൂരിലെ താരപ്പേട്ടൻ (17) | 8 |
| • സദുപയോഗവും ദുരുപയോഗവും (3) | 11 |
| • പുതിയനിയമത്തിലൂടെ....(25) | 13 |
| • ഖുർആൻ (3) | 16 |
| • ബൈനോക്കുലർ (16) | 20 |
| • ചിന്തകൾ പന്തങ്ങളാകുമ്പോൾ(31) | 21 |
| • കനാലിൽനിന്നും... | 24 |


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# ഒന്നരക്കോടി!

"ആർക്കൊക്കെ പണം വേണം.... എല്ലാവരും അവരുടെ മൊബൈൽ ഉയർത്തിപ്പിടിക്കുക. ഞാൻ ഫണ്ട് റിലീസ് ചെയ്യാൻ പോകയാണ്. യേശുവിന്റെ നാമത്തിൽ ഞാൻ ഫണ്ട് റിലീസ് ചെയ്യുകയാണ്. എന്നെ വിശ്വസിക്കേണ്ടതില്ല. നിങ്ങൾ റിസൽട്ട് നോക്കിയാൽ മതി..." സ്തോത്രത്തിന്റെയും ഹല്ലേല്ലുയ്യായുടെയും ആർപ്പുവിളികൾക്കു നടുവിൽ നിന്നുകൊണ്ട്, ഒരു യുവാവ് ട്രൗസറും ഷർട്ടും ധരിച്ച് നടത്തിയ 'ശുശ്രൂഷ'യുടെ മദ്ധ്യേ പറഞ്ഞ വാചകങ്ങളാണ് ഇത്.

സ്വർഗ്ഗീയവിരുന്ന് എന്ന പേരിൽ ലോകമെമ്പാടും 'വിടുതൽശുശ്രൂഷ' നടത്തി, പേരു പണവും പ്രശസ്തിയും സമ്പാദിച്ച തങ്കുബ്രദറിന്റെ മകനായിരുന്നു മേൽപ്പറഞ്ഞ നിലയിൽ ശുശ്രൂഷ നടത്തിയത്. അപ്പന്റെ മകൻ! ട്രൗസറിട്ട് ശുശ്രൂഷിച്ചതിന് പിന്നീട് ആ പയ്യൻ മാപ്പു പറഞ്ഞിരുന്നു. പെട്ടെന്നു ശുശ്രൂഷയ്ക്ക് വരാൻ പറഞ്ഞപ്പോൾ, വേഷം ഏതെന്നു നോക്കാതെ വേഗത്തിൽ പുറപ്പെട്ടു വന്നതുകൊണ്ടാണത്രേ അങ്ങനെ സംഭവിച്ചത്! അപ്പോഴും മാപ്പു ചോദിക്കാത്ത ഒരു വിഷയമുണ്ടായിരുന്നു – ആ ഒന്നരക്കോടിയുടെ ഫണ്ട് റിലീസിംഗ്!

പണം വേണ്ടവരെല്ലാം മൊബൈൽ പൊക്കിപ്പിടിക്കാൻ പറഞ്ഞപ്പോഴേക്കും, അവിടെ മൊബൈൽ ഉയർത്തിപ്പിടിച്ചുനിന്ന കഴുതകളോട് തീർത്തും സഹതാപമാണ് എനിക്കു തോന്നിയത്. ഇത്രയധികം ആർത്തിയുടെ ആവശ്യമുണ്ടായിരുന്നുവോ? ഒന്നരക്കോടി വച്ച് ഓരോരുത്തരുടെയും അക്കൗണ്ടിലേക്ക് വരുമെന്നു വിചാരിച്ചോ മണ്ടന്മാരേ നിങ്ങൾ? ഒന്നരക്കോടി എന്നു പറഞ്ഞാൽ 150 ലക്ഷമാണ്. ആർത്തി മൂത്ത് ഭ്രാന്ത് പിടിച്ചോ നിങ്ങൾക്ക്? ആ പയ്യൻ എന്തെങ്കിലും വിവരക്കേട് വിളിച്ചുപറഞ്ഞു എന്നും കരുതി, പക്വത വന്നപോലെ നിന്നിരുന്നവർ വരെ മൊബൈലും ഉയർത്തിപ്പിടിച്ച്.... അയ്യേ! ക്രിസ്ത്യാനികളാണെന്നും പറഞ്ഞ് ഇറങ്ങിനടക്കാൻ വരെ പറ്റാത്ത അവസ്ഥയായല്ലോ ചേട്ടായിമാരേ നിങ്ങളൊക്കെ കാരണം.

ഏതായാലും തങ്കുബ്രദറിന്റെ മകൻ റോണക്കിന്റെ ഈ ശുശ്രൂഷയുടെ വീഡിയോ സോഷ്യൽമീഡിയായിൽ വൈറലായി. ലോകമെമ്പാടും അതു ആഘോഷിക്കപ്പെട്ടു. പല മാധ്യമങ്ങളും കൊടിയ വിമർശനവും കളിയാക്കലും നടത്തി. ക്രിസ്ത്യാനികളും ഹിന്ദുക്കളുമെല്ലാം ജാതിയും മതവും നോക്കാതെ കിട്ടിയ അവസരം ഉപയോഗിച്ച് റോണക്കിന് പൊങ്കാല ഒരുക്കി. നാണക്കേടിന്റെ നുരച്ചുതള്ളിയ പതയിൽ പുതഞ്ഞുപോയ തങ്കുബ്രദർ ഗത്യന്തരമില്ലാതെ ന്യായീകരണവുമായി രംഗത്തുവന്നു. തന്റെ മകനെ ശക്തിയായി ന്യായീകരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞ കാര്യങ്ങളുടെ ചുരുക്കം ഇപ്രകാരമായിരുന്നു:

ഒരാൾ ഐസിഐസിഐ ബാങ്കിൽ ഭവനവായ്പയ്ക്ക് അപേക്ഷിച്ചിരുന്നു. റോണക്ക് പ്രാർത്ഥിച്ച് അധികം വൈകാതെ ആ പണം അക്കൗണ്ടിലേക്ക് വന്നതായി മൊബൈലിൽ സന്ദേശം വന്നു. റോണക്ക് തന്റെ ശുശ്രൂഷാമദ്ധ്യേ അദ്ദേഹത്തെ വിളിച്ച് ഇക്കാര്യം ഫോണിലൂടെ പറയിക്കുന്നു. ഫോണിന്റെ അടുത്ത് മൈക്ക് പിടിച്ച് ഈ സാക്ഷ്യം എല്ലാവരെയും കേൾപ്പിക്കുന്നു. ഇതാണ് വാസ്തവത്തിൽ ഉണ്ടായത്. ബാങ്ക്ലോൺ പാസ്സായ കാര്യമാണ് അവിടെ പറഞ്ഞത്. ഇതുപോലെ മുടങ്ങിക്കിടക്കുന്ന ബാങ്ക്ലോൺ വല്ലതുമുണ്ടെങ്കിൽ അത് റിലീസ് ചെയ്യാൻ പോകുന്നു എന്നാണ് ഉദ്ദേശിച്ചത്. ബാക്കി പലതും എഡിറ്റ് ചെയ്തതാണ്.

തങ്കുബ്രദർ ലൈവിൽ പ്രത്യക്ഷപ്പെട്ട് നൽകിയ വിശദീകരണമാണ് മുകളിൽ നാം കണ്ടത്. അതു ശരി, അപ്പോൾ അത് യേശു കൊടുത്ത ഒന്നരക്കോടി ആയിരുന്നില്ല. ഐസിഐസിഐ ബാങ്ക് അനുവദിച്ച ഹൗസിംഗ് ലോൺ ആയിരുന്നു. 150 ലക്ഷം ഒറ്റയടിക്ക് അക്കൗണ്ടിൽ ഒരു ബാങ്ക് ഇട്ടുകൊടുക്കുമോ? ആ 150 ലക്ഷം കിട്ടിയ വ്യക്തിയുടെ പേരും അഡ്രസ്സും ലഭിച്ചാൽ ഇൻകംടാക്സ് ഉദ്യോഗസ്ഥർക്ക് ഒന്നു കേറി നിരങ്ങാമായിരുന്നു. എനിക്ക് ഇനിയും സംശയം ബാക്കിയാണ്. ഒരു ബാങ്ക് ഇത്രയും വലിയ തുക ലോൺ അനുവദിച്ച്, ആ വ്യക്തിയെ കടക്കാരനാക്കിയതിന് ഇവരെല്ലാം കൂടി സ്തോത്രവും ഹല്ലേലുയ്യായും പറയുന്നതെന്തിനാണ്? ലോൺ പാസ്സാക്കാൻ സഹായിക്കുന്ന ഏജന്റാണോ ഇവന്റെയൊക്കെ യേശു?

പിന്നെ, ഏതോ ദുഷ്ടന്മാർ എഡിറ്റ് ചെയ്തതാണു പോലും! അത്രയും പേരുടെ മുമ്പാകെ പരസ്യമായി വിവരക്കേട് വിളമ്പിയിട്ട്, അത് കേട്ട നൂറുകണക്കിനു ആളുകൾ ഉണ്ടായിട്ട്, അത് എഡിറ്റ് ചെയ്തതാണ് എന്നു പറഞ്ഞു തടിതപ്പാനുള്ള തങ്കുബ്രദറിന്റെ തൊലിക്കട്ടി അപാരം തന്നെയാണ്. മുമ്പ് കഷ്ടപ്പാടിന്റെ ഒരു കാലം തങ്കുബ്രദറിനുണ്ടായിരുന്നു. ഡോർ-റ്റു-ഡോർ ഡെലിവറിയുമായി വീടുവീടാന്തരം കയറിയിറങ്ങി നടന്നിരുന്ന ഒരു ചെറുപ്പകാലം. അദ്ധ്വാനത്തിന്റെ വിലയെന്തെന്ന് അറിഞ്ഞ് അതി

നനുസരിച്ച് നടന്ന ഒരു കാലം. പിന്നീട് ചില ബിസിനസ്സുകളൊക്കെ ചെയ്തു. അതെല്ലാം പൊട്ടിപ്പൊളിഞ്ഞു. കടം കയറി. ഒരു അപകടത്തെത്തുടർന്ന് കിടപ്പിലായി. ദൈവം രോഗസൗഖ്യം കൊടുത്തുവത്രേ! പിന്നീടാണ് ആത്മികമേഖലയെ തന്റെ ബിസിനസ്രംഗമാക്കി അദ്ദേഹം തീർത്തത്.

മനുഷ്യരുടെ കൂട്ടത്തിൽ കോവർകഴുതകൾക്ക് ക്ഷാമമില്ലാത്തതിനാൽ, പണിയെടുത്ത് വെറുതെ സമയം കളയേണ്ടതില്ലെന്നു അദ്ദേഹം കണ്ടെത്തി. ശാപം മുറിക്കൽ, വിടുതൽ, രോഗസൗഖ്യം, അക്കൗണ്ടിലേക്ക് പണം വരുത്തുന്നത് എന്നിങ്ങനെയുള്ള ചപ്പടാച്ചികളുമായി അദ്ദേഹം അരങ്ങ് വാണു. അങ്ങനെ അങ്ങേരുടെ കടമെല്ലാം മാറി. ഇപ്പോൾ വളരെ കുശാലായി ജീവിക്കുന്നു. കോടിക്കണക്കിനു രൂപയുടെ ആസ്തിയും, കോവർകഴുതകളെ തുടർന്നും പറ്റിച്ച് ജീവിച്ചുപോകാം എന്ന ദൃഢനിശ്ചയവും ഒന്നുചേർന്നപ്പോൾ അനന്തരാവകാശിയായി മകനെ വാഴിക്കാനുള്ള ശ്രമം തുടങ്ങി.

മകനാകട്ടെ വിവരക്കേട് വിളിച്ചുകൂവി. അതിന്റെ വീഡിയോ വൈറലായി. ലോകമെങ്ങും അവനെ അറിഞ്ഞു. അപ്പനായ തങ്കു, മകനെ ന്യായീകരിച്ചുകൊണ്ട് ഇറക്കിയ വീഡിയോയിൽ അവസാനം എല്ലാവർക്കും നന്ദി പറയുന്നുണ്ട്. എന്തിനാണെന്നോ? ആരും അറിയാത്ത റോണക്ക് എന്ന ശുശ്രൂഷകനെ ലോകം അറിയുന്ന ശുശ്രൂഷകനാക്കി മാറ്റിയതിന്! അവൻ പ്രാർത്ഥിച്ചാൽ അത്ഭുതം നടക്കും എന്നു ലോകം തിരിച്ചറിഞ്ഞുവത്രേ! ഇങ്ങേരുടെ തൊലിയുടെ കട്ടി എത്ര ഇഞ്ച് വരുമോ, ആവോ?

പ്രിയ വായനക്കാരാ, ദയവു ചെയ്ത് ഇത്തരം ആളുകളുടെ കൂടെ പോയി ദൈവനാമം ദുഷിക്കാൻ ഇടവരുത്തരുത്. ബൈബിൾ വെളിപ്പെടുത്തുന്ന യേശുവിനെ മനസ്സിലാക്കാൻ ബൈബിൾ വായിക്കുക. നിങ്ങളുടെ എല്ലാ പ്രശ്നങ്ങൾക്കും കർത്താവിൽ ആശ്രയിക്കാം. തക്ക സമയത്ത് അവിടുന്ന് നിങ്ങളെ വിടുവിക്കും. ചിലപ്പോൾ നിങ്ങൾ ആവശ്യപ്പെട്ട കാര്യം തന്നില്ലെന്നും വരാം. നമുക്കു ഗുണമാണെങ്കിലേ അതു തരൂ. ദൈവഹിതപ്രകാരം ലഭിക്കുന്ന അനുഗ്രഹങ്ങൾ മാത്രമേ നമുക്കു വേണ്ടൂ എന്നു തീരുമാനമെടുക്കുക. അപ്പോൾ ഇമ്മാതിരിയുള്ള തട്ടിപ്പുകാരെല്ലാം മേലനങ്ങി പണിയെടുത്തു ജീവിക്കാൻ തുടങ്ങും.

തങ്കുബ്രദറിനെക്കുറിച്ച് ഒരിക്കൽ ഈ മാസികയിൽ എഴുതിയപ്പോൾ അദ്ദേഹത്തിന്റെ ചില ഭക്തർ ഇനി ഈ മാസിക വേണ്ട എന്നു പറഞ്ഞു പ്രതിഷേധിച്ചിരുന്നു. വായനക്കാരായി അദ്ദേഹത്തിന്റെ ഭക്തർ ഇനിയും ബാക്കിയുണ്ടെങ്കിൽ ഇതോടുകൂടി അവരും മാസിക നിറുത്തുമായിരിക്കും. കഴുത എന്ന ലേബൽ സ്വന്തമായി അച്ചടിച്ച് അത് സ്വന്തം നെറ്റിപ്പട്ടമായി ധരിച്ച് നടക്കുന്നവരെ വായനക്കാരായി എനിക്കും വേണ്ട. **(എംവിഎസ്)**

# അത്ഭുതങ്ങൾ അന്നും ഇന്നും

ഇവിടെയുള്ള ധ്യാനകേന്ദ്രങ്ങളിലും പെന്തെക്കോസ്തുയോഗങ്ങളിലും നടക്കുന്ന അത്ഭുതങ്ങളെ ജനം ദയവായി വിലയിരുത്തണം. യേശുവിന്റെ പേരിൽ നടത്തുന്ന ഇത്തരം അത്ഭുതങ്ങളൊന്നും നാം ബൈബിളിൽ കാണുന്നില്ല. യേശുവും അപ്പൊസ്തലന്മാരും അത്ഭുതങ്ങൾ ചെയ്തതായി ബൈബിളിലുണ്ട്. അവർ ചെയ്ത അത്ഭുതങ്ങൾ എതൊക്കെ ഇനത്തിൽപ്പെട്ടതാണെന്നും ബൈബിളിൽ നമുക്കു കാണാൻ കഴിയും.

**ഇന്നു കാണുന്ന അത്ഭുതങ്ങൾ:**

വലത്തെ ചെവിയുടെ വേദന മാറിയ പത്തു പേർ ഇവിടെ നിൽപ്പുള്ളതായി ദൈവാത്മാവ് വെളിപ്പെടുത്തുന്നു. അവർ അവരുടെ വലതുകൈ ഉയർത്തിപ്പിടിക്കുക.

നിന്റെ തൊണ്ടയിലെ കാൻസർ ഞാനിങ്ങ് എടുക്കുവാ. നീ നാളെ കാൻസറിന്റെ ചികിത്സയ്ക്കുവേണ്ടി തിരുവനന്തപുരത്തേക്ക് പോകേണ്ട കാര്യമില്ല. നിന്റെ തൊണ്ടയിലെ മുഴ എടുക്കുവാൻ ദൈവാത്മാവ് എന്നോടു പറയുന്നു.

ഉറക്കത്തിൽ മൂത്രമൊഴിക്കുന്ന സ്വഭാവമുള്ള മൂന്നു കുട്ടികൾക്ക് ആ സ്വഭാവത്തിൽനിന്നും ഇന്നു വിടുതൽ ലഭിക്കയാണ്.

എസ്എസ്എൽസിയ്ക്ക് കണക്കുപരീക്ഷയുടെ തലേദിവസം യാതൊന്നും പഠിക്കാതെ, മുഴുവൻ സമയവും അഭിഷേകാഗ്നി പ്രോഗ്രാം കണ്ട കുട്ടിക്ക് റിസൾട്ട് വന്നപ്പോൾ കണക്കിൽ എ പ്ലസ്!

ശുശ്രൂഷകൻ എന്നെ കെട്ടിപ്പിടിച്ച് പ്രാർത്ഥിച്ചപ്പോൾ ഒന്നരക്കോടി എന്റെ അക്കൗണ്ടിലേക്ക് വന്നു.

**ഇതൊന്നുമല്ല, ബൈബിളിലെ അത്ഭുതങ്ങൾ**

കുഷ്ഠരോഗികൾ സൗഖ്യമാകുന്നു. മുടന്തർ നടക്കുന്നു. കുരുടർ കാണുന്നു. മരിച്ചവർ ഉയിർക്കുന്നു.

ഈ റെയ്ഞ്ചിലുള്ള അത്ഭുതങ്ങൾ പ്രവർത്തിക്കാൻ ഇന്നത്തെ ഡ്യൂപ് അത്ഭുതപ്രവർത്തകർക്ക് കഴിയില്ല. ആർപ്പു വിളിക്കാനും ഹല്ലേലുയ്യാ പറയാനും കുറെ മണ്ടന്മാർ ചുറ്റുമുണ്ടെന്നു കരുതി, ഇവരൊന്നും പ്രവർത്തിക്കുന്ന അത്ഭുതങ്ങൾക്ക് തിളക്കം വരുന്നില്ല. ബൈബിൾ വായിക്കൂ. അതിൽ കാണുന്ന അത്ഭുതങ്ങൾ പ്രവർത്തിച്ചു കാണിക്കൂ.

**ഇന്നത്തെ അത്ഭുതപ്രവർത്തകരുടെ ജീവിതശൈലി:**

കോടീശ്വരന്മാരാണ് പലരും. ആഡംബരവീടുകളിലോ ഫ്ളാറ്റുകളിലോ ഉണ്ടും ഉറങ്ങിയും സുഖമായി കഴിയുന്നു. വില കൂടിയ കാറുകൾ, വസ്ത്രങ്ങൾ... അത്ഭുതങ്ങളുടെ പേരും പറഞ്ഞ് കുറെ മണ്ടന്മാരെ പറ്റിച്ചുണ്ടാക്കിയ പണം കൊണ്ട് ധൂർത്തടിച്ചു ജീവിക്കുന്നവർ! കോടികളുടെ വരുമാനത്തിൽനിന്നും വല്ല നക്കാപിച്ച ഇട്ടുകൊടുത്താൽ കൂടെ നിൽക്കുന്ന കുറെ സ്തുതിപാഠകന്മാർ ഇവർക്കുണ്ട്. ഈ സ്തുതിപാഠകന്മാർ ചില അവസരങ്ങളിൽ ഗുണ്ടകളുടെ നിലവാരത്തിലേക്ക് വരെ താഴുമത്രേ!

ബൈബിളിന്റെയും യേശുവിന്റെയും പേരിലുള്ള ഇത്തരം 'അത്ഭുതങ്ങൾ' നിരോധിക്കണം. ഇത്തരം അത്ഭുതപ്രവർത്തകരെ വഞ്ചനാക്കുറ്റത്തിനു അറസ്റ്റ് ചെയ്ത് ജയിലിൽ അടയ്ക്കണം. ഇതിൽ വിശ്വസിക്കുന്ന മണ്ടന്മാരെ കൗൺസലിംഗിന് വിധേയമാക്കണം. കൊറോണയോ, സോറിയാസിസോ, നിപ്പയോ, മുടന്ത്-അന്ധത-ബധിരത എന്നിവയോ സൗഖ്യമാക്കാൻ കഴിയാത്ത അത്ഭുതപ്രവർത്തകരെ ഈ നാണംകെട്ട കളി തുടരാൻ അനുവദിക്കരുത്. ❍

## റിയൽ ലൈഫ് വോയ്സ്

**ദൈവത്തിനു സ്തോത്രം!**

## 11-ാം വർഷത്തിലേക്ക്

## പ്രവേശിക്കുന്നു!

### ഒരു ലക്കം പോലും മുടങ്ങാതെ...

**എല്ലാ വായനക്കാർക്കും പുതുവത്സരാശംസകൾ!**

*റിയൽ ലൈഫ് വോയ്സ്* പത്തു വർഷം പൂർത്തിയാക്കി പതിനൊന്നാം വർഷത്തിലേക്കു പ്രവേശിക്കുകയാണ്. കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ക്രൈസ്തവസാഹിത്യരംഗത്ത് പല മാറ്റങ്ങളുമുണ്ടായി. പലരും മാസികകൾ പ്രസിദ്ധീകരിക്കുന്നത് നിർത്തി. കോവിഡ് കാരണം പല മാസികകളുടെയും ചില ലക്കങ്ങൾ മുടങ്ങി. എന്നാൽ, ഒരു ലക്കം പോലും മുടങ്ങാതെ പ്രസിദ്ധീകരണം തുടരുന്ന അപൂർവ്വം മാസികളിൽ ഒന്നായി *റിയൽ ലൈഫ് വോയ്സ്* അതിന്റെ പ്രയാണം തുടരുന്നു. ദൈവം അനുവദിക്കുന്നതുവരെ!

**(എഡിറ്റർ)**

# തൃശ്ശൂരിലെ താരപ്പേട്ടൻ

## അഥവാ, സി.വി.താരപ്പൻ

17

**-എംവിഎസ്-**

> **സി.വി.താരപ്പൻ (1886–1958):** 'കാഹളനാദം കേൾക്കാറായ് കുഞ്ഞാട്ടിൻ കാന്തേ' എന്ന ഗാനമുൾപ്പെടെ 300–ഓളം ഗാനങ്ങൾ എഴുതിയ ഭക്തകവി; മലയാളത്തിലെ ആദ്യത്തെ സഭാചരിത്രം എഴുതിയ വ്യക്തി (1926); വെളിപ്പാടുപുസ്തകവ്യാഖ്യാനമുൾപ്പെടെ 17 പുസ്തകങ്ങൾ രചിച്ച എഴുത്തുകാരൻ; മഹാകവി കെ. വി. സൈമണുമായി സജീവ സൗഹൃദം; മികച്ച അപ്പോളജിസ്റ്റ്...

### വിമർശനം - ഗാനങ്ങളിലൂടെ

തെറ്റുകൾക്കും തിന്മകൾക്കും ദുരാചാരങ്ങൾക്കുമെതിരെ ഒരു മൃദുസമീപനം കൈക്കൊള്ളാൻ താരപ്പൻസഹോദരൻ തയ്യാറായിരുന്നില്ല. ആത്മീയതയുടെ പേരിൽ കാപട്യവും കള്ളത്തരവും കാണിക്കുന്നവരെ സൗമ്യതയുടെ പാതയിൽ നിന്നു ഗുണദോഷിക്കാനല്ല, മറിച്ച് അവരെ വിമർശിക്കാനും പരിഹസിക്കാനും തന്നെയാണ് അദ്ദേഹം ശ്രദ്ധിച്ചത്. പ്രവാചകന്മാരും കർത്താവും ശിഷ്യന്മാരുമെല്ലാം ഈ രീതിയിൽ പ്രതികരിച്ചിട്ടുള്ളത് അദ്ദേഹത്തെ പ്രചോദിപ്പിച്ചിട്ടുണ്ടായിരിക്കണം. താരപ്പൻസഹോദരന്റെ വിമർശനങ്ങളിൽ ചിലത് താഴെ കൊടുക്കുന്നു.

### 1. വിഗ്രഹവും പിരിവും

ക്രിസ്ത്യാനികളായാലും ഹിന്ദുക്കളായാലും വിഗ്രഹങ്ങൾ ഉണ്ടാക്കി അതിന്റെ മുമ്പിൽ തിരി കത്തിക്കുകയും പൂ വയ്ക്കുകയും ഒക്കെ ചെയ്യുന്നുണ്ട്. വിഗ്രഹാരാധനയെന്നല്ല, വിഗ്രഹനിർമ്മാണത്തെയും കൂടി എതിർക്കുന്ന പുസ്തകമാണ് ബൈബിൾ. എന്നിട്ടും ആ ബൈബിൾ കൊണ്ടുനടക്കുന്നവർ പോലും വിഗ്രഹങ്ങൾ ഉണ്ടാക്കുന്നു! ആ വിഗ്രഹങ്ങൾ വയ്ക്കുവാൻ പള്ളികളും അമ്പലങ്ങളും നിർമ്മിക്കുന്നു. ഇതെല്ലാം നാട്ടിലെ പട്ടിണിക്ക് കാരണമായിത്തീർന്നിട്ടുണ്ട് എന്നു അദ്ദേഹം ഒരു ഗാനത്തിന്റ വരികളായി കുറിച്ചു.

ഇമ്മട്ടിൽ വിഗ്രഹം നാട്ടിനിറുത്തുവാൻ  
നാട്ടിൽ പലവിധ കെട്ടിടങ്ങൾ  
കെട്ടിച്ചമച്ചതാലല്ലയോ നാട്ടിലും  
പട്ടിണിവന്നതെന്നോർത്തിടണം

പട്ടിണിയുണ്ടാകുന്നതിനുള്ള കാരണങ്ങൾ എഴുതാൻ ആരോടെങ്കിലും ആവശ്യപ്പെട്ടാൽ പലവിധ കാരണങ്ങൾ അവൻ/അവൾ അക്കമിട്ട് എഴുതും. പക്ഷേ അതിൽ വിഗ്രഹനിർമ്മാണവും പള്ളി, അമ്പലം എന്നിവയുടെ നിർമ്മാണവും എന്ന കാരണം ഉണ്ടാകാൻ സാധ്യതയില്ല. ഇന്ത്യയിൽ ഒട്ടാകെയുള്ള ഇത്തരം വിഗ്രഹങ്ങളും അവയ്ക്കുവേണ്ടി ഉണ്ടാക്കിയിരിക്കുന്ന 'കെട്ടിടങ്ങൾ'ക്കും വന്നിരിക്കുന്ന ചെലവ് നാം കണക്കുകൂട്ടി നോക്കിയാൽ, ഇന്നാട്ടിലെ സമ്പദ്‌വ്യവസ്ഥയെ അത് എത്രമാത്രം പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നു മനസ്സിലാക്കാവുന്നതാണ്.

വിഗ്രഹങ്ങളുടെ പേരിൽ പിരിവ് നടത്തുന്നവരെ യാചകന്മാർ എന്നാണ് താരപ്പൻ വിശേഷിപ്പിച്ചത്. സാധുക്കളുടെ പണം കൈക്കലാക്കുന്ന ഇത്തരക്കാരോടുള്ള അദ്ദേഹത്തിന്റെ അമർഷം അദ്ദേഹം മറച്ചുവച്ചില്ല:

നാട്ടിയ വിഗ്രഹകോവിലിലൊക്കെയും
കൂട്ടമായ് നിൽക്കുന്നു യാചകന്മാർ
യാചകർ ചേർക്കുന്ന ദ്രവ്യങ്ങളൊക്കെയും
സാധുക്കൾ ചെയ്യും പ്രയത്നമത്രെ

## 2. തിരുമേനിയും പൊൻമുടിയും

കർത്താവായ യേശുവിനെ ക്രൂശിക്കുന്നതിനു മുമ്പ് തലയിൽ മുൾമുടി വച്ചു പരിഹസിച്ചിരുന്നു. പക്ഷേ ക്രൈസ്തവസഭകളുടെ മേലദ്ധ്യക്ഷന്മാർ എന്നു വിശേഷിപ്പിക്കപ്പെടുന്ന ബിഷപ്പുമാർ/തിരുമേനിമാർ മുൾമുടിക്കു പകരം പൊൻമുടി വച്ച് ചമഞ്ഞൊരുങ്ങി പ്രദക്ഷിണത്തോടൊപ്പം വരുന്നത് വിമർശിക്കപ്പെടേണ്ട ഒന്നായി താരപ്പൻസഹോദരൻ കരുതി. കർത്താവിനേക്കാൾ വലിയവരല്ല ഈ തിരുമേനിമാർ എന്നു അദ്ദേഹം ഉറച്ചുവിശ്വസിച്ചു. എന്നു മാത്രമല്ല, ഇവരെയൊക്കെ തിരുമേനി എന്നു വിളിക്കുന്നതിനെ അദ്ദേഹം ചോദ്യം ചെയ്യുകയും ചെയ്തു – തന്റെ വരികളിലൂടെ.

മുൾമുടിവെച്ചു നടന്നവനെന്നുടെ
പ്രിയതമനെന്നോർക്കുമ്പോൾ ഞാൻ
പൊൻമുടിവെച്ചു നടക്കുന്നവരെ
തിരുമേനികളെന്നെണ്ണാമോ

## 3. ജാതിവ്യവസ്ഥ

നമ്മുടെ നാട്ടിലെ തീരാശാപമാണ് ജാതിവ്യവസ്ഥ. താഴ്ന്ന ജാതിക്കാരൻ, ഉയർന്ന ജാതിക്കാരൻ, അവർണ്ണൻ, സവർണ്ണൻ.... മഹാത്മാഗാന്ധിയും അയ്യങ്കാളിയും ശ്രീനാരായണഗുരുവുമെല്ലാം ഈ ജാതിവ്യവസ്ഥയ്ക്കെതിരെ ആഞ്ഞടിച്ചുവെങ്കിലും ഇന്നും ഒളിഞ്ഞും തെളിഞ്ഞും അത് നമ്മുടെ സമൂ

ഹത്തിൽ ഉണ്ട് എന്നുള്ളതാണ് വാസ്തവം. ദൈവജനം ജാതി നോക്കാതെ സുവിശേഷം അറിയിക്കുമെങ്കിലും, അവർ വിശ്വസിച്ചു, സ്നാനമേറ്റു മുന്നോട്ടു വന്നാൽ അവരെ രണ്ടാംതരമായി കാണുന്ന പ്രവണത പലയിടങ്ങളിലും ഉണ്ടായിട്ടുണ്ട്. വിവാഹാലോചന വരുമ്പോഴും മറ്റും ഈ ജാതിവ്യവസ്ഥ വീണ്ടും തല പൊക്കുകയും ചെയ്യും. കർത്താവായ യേശു ജാതിവ്യവസ്ഥയ്ക്ക് എതിരായിരുന്നു എന്ന് പറഞ്ഞുകൊണ്ടാണ് താരപ്പൻസഹോദരൻ നിലവിലുള്ള ജാതിവ്യവസ്ഥയോടുള്ള സ്വന്തം എതിർപ്പ് പ്രകടിപ്പിച്ചത്.

ജാതിഭേദമൊക്കെയും നിരാകരിച്ച ധീരനെ
സാധുരക്ഷ ചെയ്‌വതിന്നിറങ്ങി വന്ന നാഥനെ

അദ്ദേഹത്തിന്റെ മറ്റൊരു ഗാനത്തിൽ അദ്ദേഹം കുറിച്ചത് ഇപ്രകാരമാണ്:

ജാതിയിലശുദ്ധരോ ജാതിയിൽ പതിതരോ
ഭേദമെന്നിയെ മോദാൽ ആദരിച്ചൊരുനാഥ

## 4. കൂലി പിടിച്ചുവയ്ക്കുന്നത്

ജോലി ചെയ്തവന്റെ കൂലി പിടിച്ചുവയ്ക്കുന്ന മുതലാളിമാർക്ക് നമ്മുടെ നാട്ടിൽ പഞ്ഞമില്ല. അങ്ങനെ, കൂലി നാളെ തരാം, പിന്നെ തരാം എന്നൊക്കെ പറഞ്ഞ് ജോലി ചെയ്തവനെ വലയ്ക്കുന്നവർക്കുള്ള മുന്നറിയിപ്പ് ദൈവവചനം തരുന്നുണ്ട്. അത് ഗാനത്തിന്റെ വരികളായി ഓർമ്മിപ്പിക്കുക മാത്രമാണ് താരപ്പൻസഹോദരൻ ചെയ്തത്.

കൂലിവേലക്കാർക്കു കൂലി നാളെയെന്നു നീ പറയാ
അന്നുതന്നെ തീർത്തിടുവാൻ ദൈവമോതുന്നു ശ്രവിക്കേ

തങ്ങളുടെ ഗതികേടുകൊണ്ട് മാത്രം കുറഞ്ഞ കൂലിക്ക് ജോലി ചെയ്യാൻ ആളുകൾ തയ്യാറായി വരുമ്പോൾ, കിട്ടിയ അവസരം മുതലെടുത്ത് കുറഞ്ഞ കൂലിക്ക് അവരെക്കൊണ്ട് പണി ചെയ്യിപ്പിക്കുവാൻ തയ്യാറാകുന്ന ധനവാന്മാരെ (ധനി) അദ്ദേഹം വിമർശിക്കുന്നുണ്ട്:

കൂലി താണാലും പ്രവൃത്തി ചെയ്തിടാമെന്നും ഉരയ്ക്കേ
കൂലി താഴ്ത്താൻ കാലമാണെന്നോർത്തിരിക്കുന്നോ ധനിയേ

## 5. ദ്രവ്യാഗ്രഹം

വസ്തുസമ്പാദിപ്പതിന്നാശ ലേശവുമില്ല
ക്രിസ്തു മാത്രം സർവ്വസമ്പത്ത്
സമ്പൽസമൃദ്ധി വഴിയിൽ ഇമ്പമല്ല തുമ്പമത്രേ
യാത്രയിലിടർച്ചയുള്ളതൊക്കെയും വെറുത്തു സാധു

**(തുടരും)**

**മൊബൈൽഫോൺ, കമ്പ്യൂട്ടർ**

# സദുപയോഗവും ദുരുപയോഗവും

**പ്രൊഫ. ടി. ജോൺ മാത്യു**

3

**യഥാർത്ഥ ലോകവും മാനസിക ലോകവും** (Physical World and Psychic World)

നാമെല്ലാവരും ജീവിക്കുന്ന യഥാർത്ഥ ലോകം ഒന്നു തന്നെയാണ്. എന്നാൽ നാം ആയിരിക്കുന്ന ലോകത്തെക്കുറിച്ച് നമുക്ക് ഓരോരുത്തർക്കുമുള്ള സങ്കല്പങ്ങൾ വ്യത്യസ്തമായിരിക്കും. അവ ഒരിക്കലും ഒന്നു തന്നെ ആവുകയില്ല. നാം വസിക്കുന്ന യഥാർത്ഥ ലോകത്തിലെ വസ്തുതകൾ അഥവാ യാഥാർത്ഥ്യങ്ങൾ രണ്ടു വയസ്സുള്ള ഒരു കുട്ടിയെ സംബന്ധിച്ചിടത്തോളവും എൺപത് വയസ്സുള്ള ഒരു വൃദ്ധനെ സംബന്ധിച്ചിടത്തോളവും അവരുടെ മനസ്സിലുള്ള ധാരണകൾ പ്രകാരം വളരെ വ്യത്യസ്തമാണ്.

രണ്ടു പേരും വസിക്കുന്ന ലോകത്തിലെ വസ്തുക്കൾ – വെള്ളം, വെളിച്ചം, പ്രാണവായു, മോട്ടോർവാഹനങ്ങൾ, വിമാനങ്ങൾ, കപ്പലുകൾ, ആശുപത്രികൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, രോഗികൾ, ഡോക്ടർമാർ, മരുന്നുകൾ, എന്നുവേണ്ട പക്ഷിമൃഗാദികൾ – എല്ലാം തന്നെ ഒന്നാണ്. എന്നാൽ തങ്ങൾ ആയിരിക്കുന്ന യഥാർത്ഥത്തിലുള്ള ഈ ലോകത്തെക്കുറിച്ച് അവരുടെ ഹൃദയത്തിലുള്ള ധാരണകളും അവരുടെ അനുഭൂതികളും എപ്രകാരമാണ്?

രണ്ടുവയസ്സുകാരൻ കുട്ടിയെ സംബന്ധിച്ചിടത്തോളം ലോകത്തിലെ ഏറ്റവും നല്ല ആൾ അവന്റെ അമ്മയാണ്; ഏറ്റവും ശക്തനും ഏറ്റവും ജ്ഞാനിയുമായ ആൾ അവന്റെ അച്ഛനാണ്; ഏറ്റവും മിടുക്കനായ മനുഷ്യൻ, തിരക്കേറിയ റോഡിലൂടെ ആരെയും തട്ടി വീഴിച്ചു കൊല്ലാതെ ഇടതുവശത്തുകൂടെയും ഓവർടേക്ക് ചെയ്തുകൊണ്ട് മോട്ടോർസൈക്കിൾ ഓടിക്കുന്ന കളരി അഭ്യാസിയാണ്; ഏറ്റവും നല്ല ഭക്ഷണം ചോക്ലേറ്റ് ആണ്; വിമാനത്താവളത്തിലൊന്നും പോയി പണം കൊടുത്ത് പറക്കുന്ന യന്ത്രത്തിനുള്ളിൽ കയറി ഞെങ്ങി ഞെരുങ്ങി ഇരിക്കാതെ ചിറകടിച്ച് എത്ര ഉയരെ വേണമെങ്കിലും കാറ്റിന്റെ കുളിർമ്മ ആസ്വദിച്ചുകൊണ്ട് പറ

ക്കാൻ കഴിവുള്ള പക്ഷികൾ സകല മനുഷ്യരേക്കാളും ഭാഗ്യശാലികളുമാണ്.

എന്നാൽ എൺപതുകാരൻ വൃദ്ധന്റെ മാനസികലോകം ഇതിൽനിന്ന് എത്രയോ വ്യത്യസ്തമാണ്! അയാളുടെ ലോകത്തിൽ അയാളുടെ മക്കളുടെ ജോലിക്കാര്യങ്ങൾ, സാമ്പത്തികാവശ്യങ്ങൾ, ബന്ധുമിത്രാദികളുടെ കാര്യങ്ങൾ, താൻ ചെറുപ്പം മുതൽ വായിച്ചറിഞ്ഞിട്ടുള്ള ചരിത്രസംഭവങ്ങൾ, തനിക്കു നേടാൻ കഴിഞ്ഞിട്ടുള്ള ശാസ്ത്രവിജ്ഞാനം, ലോകത്തിലെ വിവിധ രാജ്യങ്ങളിലെ ജനങ്ങളെക്കുറിച്ചും താൻ സന്ദർശിക്കാൻ ഇടയായിട്ടുള്ള സ്ഥലങ്ങളെക്കുറിച്ചും ആളുകളെക്കുറിച്ചും ഉള്ള ധാരണകൾ, തന്റെ ആരോഗ്യപ്രശ്നങ്ങൾ എന്നിങ്ങനെ ലക്ഷക്കണക്കിനു സംഗതികൾ നിറഞ്ഞുനിൽക്കുന്ന ഒരു മാനസികലോകമായിരിക്കും (Psychic World) അദ്ദേഹത്തിനു ഉണ്ടായിരിക്കുക. രണ്ടുവയസ്സുകാരൻ കുട്ടിയുടെ മാനസികലോകത്തേക്കാൾ വളരെ വളരെ ബൃഹത്തായ ഒരു മാനസികലോകമാണ് ആരോഗ്യമുള്ള ഒരു വൃദ്ധന് ഉണ്ടായിരിക്കുക.

ഒരു മനുഷ്യശിശു ഭൂമിയിൽ ജനിച്ചുകഴിഞ്ഞാൽ ആ നിമിഷം മുതൽ ആ ശിശുവിന്റെ പഞ്ചേന്ദ്രിയങ്ങളിലൂടെ അതിന്റെ തലച്ചോറിലേക്ക് എണ്ണമറ്റ സന്ദേശങ്ങൾ കടന്നു ചെല്ലാനിടയാകുന്നു. ഈ സന്ദേശങ്ങൾ ആ ശിശുവിന്റെ മനസ്സിൽ, താൻ വന്നുചേർന്നിട്ടുള്ള ലോകത്തെക്കുറിച്ചുള്ള ആശയങ്ങൾ അനുസ്യൂതം കുത്തിവച്ചുകൊണ്ടാണിരിക്കുന്നത്. ജനിച്ചുകഴിയുന്ന നിമിഷം മുതൽ വികസിക്കാൻ തുടങ്ങുന്ന അതിന്റെ മാനസികലോകം പഞ്ചേന്ദ്രിയങ്ങളിലൂടെ അതിനു ലഭിക്കുന്ന കാഴ്ചകൾ, ശബ്ദങ്ങൾ, അനുഭൂതികൾ ഇവയെല്ലാം മുഖേന അതിവേഗത്തിൽ വികാസം പ്രാപിക്കുന്നു.

പ്രായപൂർത്തിയാകുമ്പോൾ ശരീരവളർച്ച അവസാനിക്കുന്നുവെങ്കിലും ഒരാളിന്റെ മാനസികലോകത്തിന്റെ വളർച്ച അയാളുടെ മാനസികാരോഗ്യം എത്ര കാലം നിലനിൽക്കുന്നുവോ അത്രയുംകാലം തുടർന്നുകൊണ്ടാണിരിക്കുക. ജനനം മുതൽ ഉള്ളതും ഉണ്ടായിരിക്കേണ്ടതും അനുസ്യൂതം തുടർന്നുകൊണ്ടിരിക്കേണ്ടതുമായ കാര്യമാണ് മാനസികലോകത്തിന്റെ വിപുലീകരണം എന്നത്. വിദ്യാഭ്യാസം മുഖേനയും മറ്റു മനുഷ്യരോടുള്ള ബന്ധത്തിൽ ഒരാൾ ചെയ്യുന്ന സകല കാര്യങ്ങൾ മുഖേനയും സംഭവിക്കേണ്ട അഭിലഷണീയമായ കാര്യം മാനസികലോകത്തിന്റെ വിപുലീകരണമാണ്. ഹ്രസ്വീകരണം അഥവാ ചുരുങ്ങിപ്പോകൽ അല്ല. **(തുടരും)**

**പ്രൊഫ. ടി. ജോൺമാത്യുവിന്റെ ഏറ്റവും പുതിയ ഈ പുസ്തകം തപാലിൽ ലഭിക്കുന്നതിന് 25 രൂപ T. JohnMathew, A/c. No. 921020002139526, IFSC : UTIB0004347 - Axis Bank, Paravattani എന്ന അക്കൗണ്ടിൽ അടച്ചശേഷം 8590602450 എന്ന WhatsApp-ൽ വിവരം അറിയിക്കുക**

# പുതിയനിയമത്തിലൂടെ
# 25 യാത്രചെയ്യുമ്പോൾ...

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

**മൂന്നാം ഭാഗം: മൃഗങ്ങൾ**

**10. കാള** (മത്തായി 22:4)

യാക്കോബ് തന്റെ സഹോദരനായ ഏശാവിന്റെ അടുക്കൽ ദൂതന്മാരെ വിട്ട് ഇങ്ങനെ പറയിച്ചു: "എനിക്കു കാളയും കഴുതയും ആടും ദാസീദാസന്മാരും ഉണ്ട്..." (ഉല്പത്തി 32:5). കാളയെക്കുറിച്ചുള്ള ബൈബിളിലെ ആദ്യവാക്യമാണ് ഇത്. പുതിയനിയമത്തിൽ കാളയെക്കുറിച്ച് ആകെ 11 വാക്യങ്ങളാണുള്ളത്. ആറു ശീർഷകങ്ങളിലായി നമുക്ക് അവ പരിശോധിക്കാം.

**(1) കപടഭക്തി ഉപേക്ഷിക്കണം**

വചനം തലമുടിനാരിഴ കീറി പഠിപ്പിക്കുന്നവരാണ് പലരും. പക്ഷേ സ്വന്തം കാര്യം വരുമ്പോൾ താൻ അത്ര നാളും പഠിപ്പിച്ചതെല്ലാം മൊത്തമായും വിഴുങ്ങും. താൻ പഠിപ്പിക്കുന്നതെല്ലാം മറ്റുള്ളവർ അനുസരിച്ചുകൊള്ളണം; പക്ഷേ സ്വന്തം അനുഭവത്തിൽ അതു പകർത്തില്ല; സ്വന്തം കാര്യം വരുമ്പോൾ താൻ പറഞ്ഞതും പഠിപ്പിച്ചതുമെല്ലാം മറക്കും. ഇങ്ങനെയുള്ളവരെ വിമർശിക്കുന്നതോടുള്ള ബന്ധത്തിൽ ഉദാഹരണമായി പറഞ്ഞപ്പോൾ കർത്താവ് കാളയുടെ കാര്യവും പറഞ്ഞിരുന്നു.

18 വർഷമായി ഒട്ടും നിവരുവാൻ കഴിയാതിരുന്ന ഒരു സ്ത്രീയെ യേശു ശബ്ബത്തിൽ സൗഖ്യമാക്കിയത് പലരെയും ചൊടിപ്പിച്ചു. "കപടഭക്തിക്കാരേ" എന്നാണ് കർത്താവ് അവരെ വിളിച്ചത്. "ശബ്ബത്തായാലും നിങ്ങൾ നിങ്ങളുടെ കാളയെ അഴിച്ചുകൊണ്ടുപോയി വെള്ളം കുടിപ്പിക്കയില്ലയോ?" എന്ന് കർത്താവ് അവരോടു ചോദിച്ചു (ലൂക്കൊസ് 13:15). "നിങ്ങളുടെ കാള കിണറ്റിൽ വീണാൽ നിങ്ങൾ ക്ഷണത്തിൽ വലിച്ചെടുക്കയില്ലയോ?" എന്നു മറ്റൊരു ശബ്ബത്തിൽ കർത്താവ് ചോദിച്ചു (ലൂക്കൊസ് 14:5). ശബ്ബത്തിൽ യാതൊരു പ്രവൃത്തിയും നാം ചെയ്യരുതെന്നും, മറ്റുള്ള മനുഷ്യർക്ക് ഉപകാരം ചെയ്യുക എന്ന പ്രവൃത്തി പോലും ചെയ്യരുതെന്നും പഠിപ്പിക്കുന്നവർ തന്നെ സ്വന്തം (മൃഗങ്ങളുടെ) കാര്യം വരുമ്പോൾ തങ്ങൾ പഠിപ്പിച്ചത് മറക്കുന്നു. ഇതാണ് കപടഭക്തി.

### (2) വേലക്കാരെ സഹായിക്കണം

ദൈവികവേലയിൽ ഏർപ്പെട്ടിരിക്കുന്നവരെ സാമ്പത്തികമായി സഹായിക്കാൻ ദൈവമക്കൾക്ക് കടപ്പാടുണ്ട്. ഇക്കാര്യം വിശദീകരിക്കാനായി പൗലൊസ് പഴയനിയമത്തിൽ നിന്നും ഉദ്ധരിച്ചത് ഇപ്രകാരമാണ്: "മെതിക്കുന്ന കാളെക്കു മുഖക്കൊട്ട കെട്ടരുത്" (1 കൊരിന്ത്യർ 9:9). ഇക്കാര്യം 1 തിമൊഥെയൊസ് 5:18 ലും അപ്പൊസ്തലൻ ആവർത്തിക്കുന്നുണ്ട്. സഭയ്ക്കുവേണ്ടി അദ്ധ്വാനിക്കുന്നവർക്ക് മറ്റുള്ളവർ സാമ്പത്തികമായ കൈത്താങ്ങ് കൊടുക്കണം. നിർഭാഗ്യവശാൽ, 'സ്റ്റേജ് പെർഫോർമൻസ്' (പ്രസംഗം, പാട്ട്, മുതലായവ) ഭംഗിയായി ചെയ്യുന്നവരെ മാത്രം സഹായിക്കാനാണ് പലർക്കും താത്പര്യം.

വെയിലും ആട്ടും തുപ്പും സഹിച്ച് സുവിശേഷം അറിയിക്കുന്ന സാധുക്കളായ നിരവധി സുവിശേഷകന്മാരുണ്ട്. വലിയ കൺവൻഷൻപ്രസംഗകന്മാർ ആകാനുള്ള കഴിവ് അവർക്കില്ല എന്നു കരുതി അവരെ അവഗണിക്കരുത്. യാതൊരു പണിയും ചെയ്യാതെ (സുവിശേഷം അറിയിക്കാതെ) മുഴുവൻ സമയവും വാട്ട്സാപ്പ്‌യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്നവരും, ദൈവജനത്തിന്റെ മദ്ധ്യേ ഊടാടി സഞ്ചരിക്കുന്നതു നിമിത്തമുള്ള ബന്ധങ്ങൾ പ്രയോജനപ്പെടുത്തി, പരമാവധി നുണകൾ പറഞ്ഞ്, കല്യാണങ്ങൾ തട്ടിക്കൂട്ടുന്നവരുമായി അധഃപതിച്ചുപോയ കുറെ 'വേലക്കാർ' ഉണ്ട്; ഇവർ പലപ്പോഴും സാമ്പത്തികമായി തടിച്ചുകൊഴുത്ത അവസ്ഥയിൽ കാണപ്പെടുന്നു. എന്നാൽ കർത്താവിന്റെ വയലിൽ ആത്മാർത്ഥമായി കാളയെപ്പോലെ പണിയെടുക്കുന്നവരുണ്ട്. മെതിക്കുന്ന കാളയ്ക്കാണ് മുഖക്കൊട്ട കെട്ടരുത് എന്നു പറഞ്ഞിട്ടുള്ളത്. മെതിക്കാത്ത കാളകൾക്ക് മുഖക്കൊട്ട കെട്ടുക തന്നെ വേണം.

ബൈബിൾകോളജിൽ പഠിക്കാൻ പോകുന്നതും, തുടർന്നു സുവിശേഷകനാകുന്നതും ഒക്കെ കൊള്ളാം. പക്ഷേ അതെല്ലാം ആത്മാക്കളെക്കുറിച്ചുള്ള ഭാരം നിമിത്തമാകണം. അതല്ലാതെ, മേലനങ്ങാതെ, അലക്കിത്തേച്ച വില കൂടിയ വസ്ത്രവും ധരിച്ച്, ദൈവവേലക്കാർക്കുവേണ്ടി കൊടുക്കാനുള്ള ദൈവജനത്തിന്റെ നല്ല മനസ്സിനെ ചൂഷണം ചെയ്ത്, സമ്പത്തുണ്ടാക്കി, സുഖലോലുപന്മാരും ആഡംബരപ്രിയന്മാരുമായി, സഭയ്ക്കും കുടുംബങ്ങൾക്കും തലവേദന സൃഷ്ടിച്ച് നടക്കാൻ വേണ്ടിയാകരുത്. മെതിക്കുന്ന കാളകൾക്ക് മാത്രം മുഖക്കൊട്ട കെട്ടാതിരുന്നാൽ മതി എന്നു ദൈവജനം ഒരു തീരുമാനം ശക്തമായി എടുത്താൽ, സകല കാളകളും നന്നായി മെതിച്ചുകൊള്ളും; സഭ അനുഗ്രഹിക്കപ്പെടുകയും ചെയ്യും.

**(3) ഒഴികഴിവുകൾ ഒഴിവാക്കണം**

ഒരു മനുഷ്യൻ വലിയൊരു അത്താഴമൊരുക്കി. അതിനുശേഷം ക്ഷണിച്ചവരെ സമീപിച്ച് വരുവിൻ എന്നു അറിയിച്ചു. പക്ഷേ "എല്ലാവരും ഒരുപോലെ ഒഴികഴിവ് പറഞ്ഞുതുടങ്ങി" (ലൂക്കൊസ് 14:18). അതിൽ ഒരാൾ പറഞ്ഞ ഒഴികഴിവ് (excuse) ഇതായിരുന്നു: ''ഞാൻ അഞ്ചു ജോടി കാളകളെ വാങ്ങി; അവയെ പരീക്ഷിച്ചുനോക്കാൻ പോകുന്നു" (14:19 POC തർജ്ജമ). ഇങ്ങനെ പറഞ്ഞതിലൂടെ, ആ അത്താഴത്തേക്കാൾ എനിക്കു വലിയത് എന്റെ കൃഷിയും കാളകളും പണവും ആണ് എന്ന് അയാൾ വ്യക്തമാക്കുകയായിരുന്നു. അത്താഴമൊരുക്കിയവനെ അപമാനിക്കുന്ന പ്രവൃത്തിയായിരുന്നു അത്.

ഇത്തരം സ്വഭാവം സർവശക്തനായ ദൈവത്തിന്റെ അടുത്ത് പലരും കാണിക്കുന്നുണ്ട് എന്നതല്ലേ വാസ്തവം? പണമുണ്ടാക്കാനുള്ള വ്യഗ്രതയിൽ ദൈവികമായ കാര്യങ്ങൾക്ക് ഓരോരോ ഒഴികഴിവുകൾ പറയുന്ന എത്രയോ വിശ്വാസികളുണ്ട്! ബൈബിൾ വായിക്കാത്തതിനും, പ്രാർത്ഥിക്കാത്തതിനും, സഭായോഗങ്ങളിൽ പങ്കെടുക്കാത്തതിനും, സൺഡേസ്കൂളിൽ വരാത്തതിനും എല്ലാം ഒഴികഴിവുകൾ പറഞ്ഞ് ന്യായീകരിക്കുന്നവർ വിശ്വാസസമൂഹത്തിൽ ധാരാളം! ബൈബിൾ വച്ചിരിക്കുന്ന പ്രമാണങ്ങൾ മനഃപൂർവ്വം ലംഘിച്ചിട്ട് അതിനും ഓരോ ന്യായങ്ങൾ പറഞ്ഞ് അതിനെ വെള്ള പൂശാൻ ശ്രമിക്കുന്നവരും നമ്മുടെ കൂട്ടത്തിലുണ്ട്.

ഇതിനു സമാനമായ മറ്റൊരു ഉപമ മത്തായി 22 ൽ കാണാം. നമ്മുടെ ദൈവം ഇത്തരം ഒഴികഴിവുകൾ ഇഷ്ടപ്പെടുന്നില്ല എന്ന സത്യം നാം മറക്കരുത്. ഒഴികഴിവുകൾ പറഞ്ഞ് തടിതപ്പുന്നവരെയല്ല, ദൈവികപ്രമാണങ്ങൾ അനുസരിക്കുന്നവരെയാണ് ദൈവത്തിനു ഇഷ്ടം. ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും കല്യാണം, അവിശ്വാസികളുടെ ആഘോഷങ്ങൾ, ട്യൂഷൻ, എൻട്രൻസ് കോച്ചിംഗ് എന്നിവയുടെയെല്ലാം പേരും പറഞ്ഞ് സഭായോഗങ്ങളെ ആരും അലക്ഷ്യമായി കാണരുത്. ഇതോടുള്ള ബന്ധത്തിൽ ദൈവസന്നിധിയിൽ പറഞ്ഞുപോകുന്ന ഒഴികഴിവുകൾ ദൈവത്തിന്റെ അനിഷ്ടം സമ്പാദിക്കാനേ ഉപകരിക്കുകയുള്ളൂ.

"കൈസർക്കുള്ളത് കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുപ്പിൻ" (മത്തായി 22:21) എന്നാണല്ലോ കർത്താവ് അരുളിച്ചെയ്തിട്ടുള്ളത്.

**(തുടരും)**

## നമ്മുടെ വാട്സാപ് ഗ്രൂപ്പിൽ അംഗമാകൂ

# 3 ഖുർആൻ: ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ

-എംവിഎസ്-

*(2012 ജൂൺമാസം മുതൽ തുടർച്ചയായി നാലു ലക്കങ്ങളിൽ റിയൽ ലൈഫ് വോയ്സിൽ പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ പുനഃപ്രസിദ്ധീകരണമാണിത് - ചില വായനക്കാരുടെ അഭ്യർത്ഥനപ്രകാരമാണ് ഇത് ഇവിടെ വീണ്ടും പ്രസിദ്ധീകരിക്കുന്നത്)*

**"ഖുർആനിന്റെ പ്രാമാണികത", "നിങ്ങൾ ഈ ഗ്രന്ഥം വായിച്ചുവോ?" എന്നീ രണ്ടു ചെറുപുസ്തകങ്ങളുടെ ഖണ്ഡനമാണ് ഈ ലേഖനം. മേൽപ്പറഞ്ഞ രണ്ടു പുസ്തകങ്ങളും Niche of Truth, Vyttila, Cochin-19 പ്രസിദ്ധീകരിച്ചതാണ്.**

### അവകാശവാദം മൂന്ന്

### വൈരുദ്ധ്യങ്ങൾ ഇല്ല

"സുദീർഘമായ ഇരുപത്തിമൂന്ന് വർഷങ്ങൾക്കിടയിൽ വിഭിന്നങ്ങളായ പരിതഃസ്ഥിതികളിൽ വച്ചാണ് ഖുർആൻ അവതരിപ്പിക്കപ്പെട്ടുകൊണ്ടിരുന്നത്. എന്നിട്ടും അതിൽ വൈരുദ്ധ്യങ്ങളൊന്നും തന്നെയില്ല. ഖുർആൻ ദൈവികഗ്രന്ഥമാണെന്നതിനുള്ള മതിയായ തെളിവാണത്" (*നിങ്ങൾ ഈ ഗ്രന്ഥം വായിച്ചുവോ?*, പേജ് 6)

"ഖുർആനിലെ പ്രതിപാദ്യവിഷയങ്ങളാകട്ടെ വളരെ വിപുലവും ബൃഹത്തുമാണ്... എന്നിട്ടും അതിൽ യാതൊരു വിധ വൈരുദ്ധ്യങ്ങളും കാണപ്പെടുന്നില്ലെന്നത് ഒരു അത്ഭുതം തന്നെയാണ്. ഖുർആൻ ദൈവികഗ്രന്ഥമാണെന്നതിന് വ്യക്തമായ തെളിവ് കൂടിയാണിത്." (*ഖുർആനിന്റെ പ്രാമാണികത*, പേജ് 18)

### മറുപടി

**I തെറ്റായ 'തിയറി'**

ഏതെങ്കിലുമൊരു പുസ്തകത്തിൽ വൈരുദ്ധ്യങ്ങളൊന്നുമില്ലെങ്കിൽ അതു ദൈവികഗ്രന്ഥമാകുമോ? ഒരു പുസ്തകം ദൈവികഗ്രന്ഥമാണെന്നതിനുള്ള വ്യക്തമായ തെളിവ്, അതിൽ വൈരുദ്ധ്യങ്ങളില്ല എന്നതാണെന്നോ! തെറ്റായ ഒരു തിയറി അല്ലേ അത്? ഇനി, അങ്ങനെയാണെങ്കിൽകൂടി, വൈരുദ്ധ്യങ്ങളൊന്നുമില്ലാത്ത ഏക ഗ്രന്ഥമാണോ ഖുർആൻ?

"വേദഗ്രന്ഥങ്ങളായി ഇന്നു വ്യവഹരിച്ചു **പോരുന്നതിലധികവും** വൈരുദ്ധ്യങ്ങളാൽ നിബിഡമാണ്" എന്നു മാത്രമാണ് അവർ അവകാശപ്പെടുന്നത് (*ഖുർആനിന്റെ പ്രാമാണികത*, പേജ് 18). അതായത്, വേദഗ്രന്ഥങ്ങളായി വ്യവഹരിച്ചു പോരുന്നവയിൽ ഖുർആൻ ഒഴികെ ബാക്കിയെല്ലാ ഗ്രന്ഥങ്ങളും വൈരുദ്ധ്യങ്ങളാൽ നിറഞ്ഞവയാണെന്നു അവർ പറയുന്നില്ല. അക്കൂട്ടത്തിലെ ഭൂരിഭാഗം ഗ്രന്ഥങ്ങളും വൈരുദ്ധ്യങ്ങളാൽ നിറഞ്ഞവയാണെന്നു മാത്രമേ പറയാൻ അവർ ധൈര്യപ്പെടുന്നുള്ളൂ. എന്നുവച്ചാൽ, കുറച്ചു പുസ്തകങ്ങൾ വൈരുദ്ധ്യങ്ങൾ ഇല്ലാത്തത് ഉണ്ടെന്നർത്ഥം. ഒരെണ്ണം ഖുർആൻ ആണെന്നു ഇവർ പറയും. ബാക്കിയുള്ളവ ഏതൊക്കെയാണ്? ആ ഗ്രന്ഥങ്ങൾ ദൈവിക ഗ്രന്ഥങ്ങളായി ഇക്കൂട്ടർ പരിഗണിക്കുവാൻ തയ്യാറുണ്ടോ?

## II ഖുർആനും ബൈബിളും

വൈരുദ്ധ്യങ്ങളുണ്ട് എന്നു പറഞ്ഞ് ഇവർ വാളോങ്ങുന്നത് പ്രധാനമായും ബൈബിളിന്റെ നേരെയാണ് എന്നു മനസ്സിലാക്കുക. ബൈബിളിൽ ധാരാളം വൈരുദ്ധ്യങ്ങളുണ്ടെന്നു പറഞ്ഞ് ബൈബിൾ ദൈവവചനമല്ല എന്നു സ്ഥാപിക്കാനുള്ള ഇവരുടെ പരിശ്രമം പ്രസിദ്ധമാണല്ലോ. നിരവധി 'വൈരുദ്ധ്യങ്ങൾ' ഇവർ ബൈബിളിൽനിന്നും ചൂണ്ടിക്കാണിക്കാറുമുണ്ട്.

ഇവർ ചൂണ്ടിക്കാണിക്കാറുള്ള വൈരുദ്ധ്യങ്ങൾക്ക് ഒരു ഉദാഹരണം ഇവിടെ കൊടുക്കുന്നു: 2 ശമുവേൽ 24:1, 1 ദിനവൃത്താന്തം 21:1 എന്നീ വേദഭാഗങ്ങളിൽ പരസ്പരവിരുദ്ധമായ പ്രസ്താവനകളാണുള്ളത്. ആദ്യം പറഞ്ഞ ഭാഗത്ത് യിസ്രായേലിനെ എണ്ണുവാൻ ദാവീദിനെ തോന്നിപ്പിച്ചത് യഹോവയാണെന്നും, എന്നാൽ രണ്ടാമത് പറഞ്ഞിടത്ത് അങ്ങനെ തോന്നിപ്പിച്ചത് സാത്താനാണെന്നും പറഞ്ഞിരിക്കുന്നു. ഇതു വൈരുദ്ധ്യമല്ലേ എന്നാണ് വാദം.

ആദ്യവായനയിൽ ഇതു വൈരുദ്ധ്യമായി തോന്നാമെങ്കിലും അന്വേഷണത്വരയോടുകൂടി ഒരു താരതമ്യപഠനത്തിനു തുനിഞ്ഞാൽ കാര്യം വ്യക്തമാകും. എന്നാൽ ഈ ലേഖനപരമ്പരയിൽ അത്തരം വൈരുദ്ധ്യങ്ങൾക്ക് മറുപടി പറയുക എന്നത് എന്റെ ലക്ഷ്യമല്ലായ്കയാൽ, ഇതു സംബന്ധിച്ച് മറ്റു ചില കാര്യങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

ഖുർആൻ എന്നത് ഒറ്റയൊരു പുസ്തകമാണ്. എന്നാൽ ബൈബിൾ 66 പുസ്തകങ്ങൾ കൂടിച്ചേർന്നതാണ്. ഖുർആൻ ഒറ്റയൊരു വ്യക്തി എഴുതിയതോ എഴുതിച്ചതോ ആണ്. എന്നാൽ ബൈബിൾ അങ്ങനെയല്ല. 40-തിൽ അധികം എഴുത്തുകാർ ഏകദേശം 1500 കൊല്ലത്തെ കാലദൈർഘ്യം കൊണ്ടാണ് അതു പൂർത്തിയാക്കിയത്. ഖുർആൻ ആണെങ്കിൽ വെറും 23 വർഷം കൊണ്ട് പൂർത്തിയാക്കപ്പെട്ടതാണ്.

ഞാൻ ആവർത്തിക്കുകയാണ്. ഖുർആൻ ഒറ്റയൊരു പുസ്തകമാണ്. എന്നാൽ ബൈബിൾ 66 പുസ്തകങ്ങളുടെ സമാഹാരമാണ്. ഒറ്റപ്പുസ്തകമായ ഖുർആനിൽ വൈരുദ്ധ്യങ്ങളില്ലെന്നു പറയുന്നവർ, ബൈബിളിലെ 66 പുസ്തകങ്ങൾ ചേർത്തുവച്ചാണ് അതിൽ വൈരുദ്ധ്യങ്ങളുണ്ടെന്നു പറയുന്നത്. നേരത്തേ പറഞ്ഞ 'ശമുവേലിന്റെ പുസ്തക'വും 'ദിനവൃത്താന്ത'വും വെവ്വേറെ പുസ്തകങ്ങളായി പരിഗണിച്ചുനോക്കൂ. എന്തു വൈരുദ്ധ്യമാണ് 'ശമുവേലിന്റെ പുസ്തക'ത്തിൽ കാണാൻ കഴിയുന്നത്? എന്തു വൈരുദ്ധ്യമാണ് 'ദിനവൃത്താന്ത'ത്തിൽ കാണാൻ കഴിയുന്നത്?

'ശമുവേലിന്റെ പുസ്തക'ത്തിൽ വൈരുദ്ധ്യങ്ങളില്ലാത്തതുകൊണ്ട് ഇവരുടെ തിയറി പ്രകാരം ആ പുസ്തകം ദൈവികഗ്രന്ഥമല്ലേ? അതുപോലെ 'ദിനവൃത്താന്ത'പുസ്തകത്തിലും വൈരുദ്ധ്യങ്ങൾ കാണാത്തതുകൊണ്ട് അതും ദൈവിക ഗ്രന്ഥമല്ലേ?

രണ്ടും ചേർത്തുവയ്ക്കുമ്പോഴാണ് വൈരുദ്ധ്യങ്ങൾ ഉള്ളതായി തോന്നുന്നത്. ഖുർആൻ എന്ന ഒറ്റപ്പുസ്തകത്തിന്റെ കാര്യം മാത്രം അവർ പറയുന്നതുകൊണ്ട്, ബൈബിളിലെ ഓരോ പുസ്തകങ്ങൾ മാത്രമായി അവർ പരിശോധിക്കട്ടെ. അതിൽ വൈരുദ്ധ്യങ്ങളുണ്ടോ എന്നു ചികയട്ടെ. എന്നിട്ട് അവ ഓരോന്നായി ദൈവികഗ്രന്ഥമായി പരിഗണിക്കട്ടെ. അവ ചേർത്തു വയ്ക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ പിന്നീട് പരിഹരിച്ചാൽ മതിയല്ലോ.

### III തിരുത്തൽ വരുത്തിയ പുതിയ പതിപ്പ്

മൂന്നാം ഖലീഫയായിരുന്ന ഉസ്മാൻ, അതുവരെ കാണപ്പെട്ട സകല പ്രശ്നങ്ങളും തീർത്ത് ഖുർആനിന്റെ ഒരു പുതിയ പതിപ്പ് ഉണ്ടാക്കിയ കാര്യം കഴിഞ്ഞ അദ്ധ്യായത്തിൽ വിശദീകരിച്ചത് ഓർക്കുമല്ലോ. ഇതു സംബന്ധിച്ച് ഒരു വിവരണം താഴെ കൊടുക്കുന്നത് ശ്രദ്ധിക്കുക:

> എല്ലാ മുസ്ലീം സംസ്ഥാനങ്ങളിലേക്കും അതിന്റെ ഒരു കോപ്പി വീതം ഉസ്മാൻ അയച്ചുകൊടുത്തു. **പിന്നീട്, നിലവിലുള്ള ഖുർ ആന്റെ മറ്റെല്ലാ കയ്യെഴുത്തുപ്രതികളും കത്തിച്ചുകളയുവാനും അദ്ദേഹം കല്പന കൊടുത്തു.** (Sahih Bukkari, Vol.6, p.479, quoted from The Islam Debate published in Malayalam by Markaz Ul Bisharah, Manjeri, p.69)

കാര്യം പിടികിട്ടിയില്ലേ? തീർക്കാവുന്നിടത്തോളം പ്രശ്നങ്ങൾ തീർത്തിട്ട് ഖുർആന്റെ ഒരു പുതിയ പതിപ്പ് തയ്യാറാക്കി. ബാക്കിയുള്ളവയെല്ലാം കത്തിച്ചുകളഞ്ഞു. ഈ സംഭവിച്ചതൊന്നും ആർക്കുമറിയില്ല എന്നാണോ ഇവരുടെ വിചാരം? ഇതുപോലെ ബൈബിളിന്റെ കാര്യത്തിൽ ചെയ്യാൻ ക്രിസ്ത്യാനികൾ മിനക്കെട്ടിട്ടില്ല എന്നു അഭിമാനത്തോടെ പ്രസ്താവിച്ചുകൊള്ളട്ടെ.

## IV എന്നിട്ടും വൈരുദ്ധ്യങ്ങൾ മാറിയില്ല!!

എല്ലാം എത്ര ഭംഗിയായി പ്ലാൻ ചെയ്തു നടപ്പിലാക്കിയാലും പടച്ച തമ്പുരാൻ വിചാരിച്ചാൽ പഴുതുകൾ പിന്നെയും ബാക്കി വരും. ഖുർആനിലും വൈരുദ്ധ്യങ്ങളുണ്ട്. അവയിൽ രണ്ടെണ്ണം താഴെ കൊടുക്കുന്നു:

(1) "അല്ലാഹുവിന്റെ വചനങ്ങൾക്കു യാതൊരു മാറ്റവുമില്ല"(ഖുർആൻ 10:64). ഈ വാക്യത്തിൽ കാണുന്ന പ്രകാരം ചിന്തിച്ചാൽ, അല്ലാഹു അവതരിപ്പിച്ച വചനത്തിനു യാതൊരു കാരണവശാലും മാറ്റം വരാൻ പാടില്ല. എന്നാൽ, "ഒരു വേദവാക്യത്തിന്റെ സ്ഥാനത്തു മറ്റൊരു വേദവാക്യം നാം (അല്ലാഹു) പകരം വച്ചാൽ..." എന്നു ഖുർആൻ 16:101 ൽ കാണുന്നു. ഇതു തന്നെ 2:106 ലും കാണുന്നു. ആദ്യം പറഞ്ഞ കാര്യത്തിനു വിപരീതമല്ലേ ഇതെല്ലാം?

(2) വ്യഭിചാരികൾക്കുള്ള ശിക്ഷ വീട്ടുതടങ്കൽ ആണെന്നു ഖുർആൻ പറയുന്നു. "അവരെ നിങ്ങൾ വീടുകളിൽ തടഞ്ഞുവച്ചുകൊണ്ടിരിക്കുക" എന്നാണ് 4:15 ൽ കാണുന്നത്. പക്ഷേ 24:2 ൽ, "ഓരോരുത്തരേയും നിങ്ങൾ നൂറ് അടി അടിക്കുക" എന്നാണ്. ഏതാണ് ശരി?

ഈ വൈരുദ്ധ്യങ്ങൾക്കു മറുപടി പറയാൻ മുസ്ലീം സുഹൃത്തുക്കൾക്ക് കഴിഞ്ഞേക്കാം. പക്ഷേ വിശദീകരണമോ വ്യാഖ്യാനമോ വേണ്ടിവരുമെന്നു മാത്രം. ഇതുപോലെ വിശദീകരണവും വ്യാഖ്യാനവും കൊണ്ട് ഞങ്ങൾ ക്രിസ്ത്യാനികൾക്കും ബൈബിളിലുള്ളതായി പറയപ്പെടുന്ന വൈരുദ്ധ്യങ്ങൾക്ക് മറുപടി പറയാൻ കഴിയുമെന്നു തിരിച്ചറിയുക.

**(തുടരും)**


# വിശ്വാസവും സ്നാനവും

**ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?**

Revised Second Edition

**എം. വി. സെബാസ്റ്റ്യൻ**

**104 പേജുകളുള്ള പുസ്തകം**

**ആവശ്യപ്പെടുന്നവർക്ക് സൗജന്യമായി അയച്ചുകൊടുക്കുന്നു**

REAL LIFE
KOTTEKAD, KUTTUR P. O., THRISSUR - 680 013
**Phone: 95 44 557 557**

എംവിഎസ്

# മൈൻഡ്‌ക്കുലർ

16

## അമ്മേ!നന്ദി!

ഞാൻ നന്ദി പറയുന്നത് ഏത് അമ്മയോടാണ് എന്നറിയാൻ വായനക്കാർക്ക് കൗതുകം കണ്ടേക്കാം. ഞാൻ നന്ദി പറയുന്ന അമ്മ, മാതാ അമൃതാനന്ദമയി, മാതാ ചിത്രാനന്ദമയി, വേളാങ്കണ്ണിമാതാവ്, ഗോമാതാ... ഇവരോടുന്നമല്ല. പിന്നെ? എന്റെ സ്വന്തം അമ്മയോട്; എനിക്കു ജന്മം തന്ന എന്റെ അമ്മയോട്.

എന്താണ് പെട്ടെന്നിങ്ങനെ നന്ദി പറയാൻ കാരണം? കാരണമുണ്ട്. തൃശ്ശൂരിൽ ഒരു ഇരുപത്തിരണ്ടുകാരി ശുചിമുറിയിൽ പ്രസവിക്കുകയും അപ്പോൾതന്നെ ആ കുഞ്ഞിനെ ബക്കറ്റിലെ വെള്ളത്തിലിട്ട് കൊല്ലുകയും ചെയ്തു. കണ്ണു മിഴിയാത്ത ആ പാവം കുഞ്ഞ് ഒന്നോ രണ്ടോ തവണ പിടഞ്ഞുകാണുമായിരിക്കും. അതിലപ്പുറം വേണ്ടിവരില്ല. ആ കുഞ്ഞിന്റെ ചലനമറ്റ കുഞ്ഞുശരീരം അവൾ ബാഗിലാക്കി കാമുകനെ ഏല്പിച്ചു. കാമുകൻ അത് ഒരു കനാലിൽ തള്ളി. ഈ ഇരുപത്തിരണ്ടുകാരി എംകോം ബിരുദധാരിയാണ്. വിദ്യാഭ്യാസത്തിനു കുറവൊന്നുമില്ല.

മറ്റൊരിടത്ത് ഒരു അമ്മ തനിക്ക് ജനിച്ച ആറാമത്തെ കുഞ്ഞിനെ – അതു പെൺകുഞ്ഞായിരുന്നു – പത്താംക്ലാസ്സിൽ പഠിക്കുന്ന മൂത്ത പെൺകുട്ടിയുടെ സഹായത്തോടെ ബക്കറ്റിലെ വെള്ളത്തിലിട്ട് കൊന്നു. കാലിന് സ്വാധീനക്കുറവുള്ള അമ്മയ്ക്ക് ആറാമത്തെ കുഞ്ഞിനെ പോറ്റാൻ കഴിയില്ല എന്നതാണ് കാരണം. ഇവരുടെ ദേശത്ത് പ്രൈമറി ഹെൽത്ത് സെന്റർ, ഹെൽത്ത് ഇൻസ്പെക്ടർ, ആശാവർക്കർ ഇങ്ങനെയുള്ളതൊന്നും ഇല്ലേ, ആവോ! ബക്കറ്റിലെ വെള്ളത്തിലിട്ട് കൊല്ലുന്നതിനേക്കാൾ ഭേദം അങ്ങനെയൊരു കുഞ്ഞ് ജനിക്കാതെ നോക്കുകയായിരുന്നു.

ബക്കറ്റിലിട്ട് മക്കളെ കൊന്ന ഈ അമ്മമാരെക്കുറിച്ച് വായിച്ചപ്പോൾ ഞാൻ എന്റെ അമ്മയെ നന്ദിയോടെ ഓർത്തുപോയി. എന്നെ ഉദരത്തിൽ വഹിച്ചിരുന്ന കാലത്ത് എന്റെ അമ്മയുടെ ജീവിതം വളരെ ദുരിതമയമായിരുന്നു. ഭർത്തൃവീട്ടിലെ പലനിലകളിലുള്ള ഉപദ്രവം സഹിക്കാൻ പറ്റാതെ അവിടെനിന്നും സ്വന്തം വീട്ടിലേക്ക് ഓടിപ്പോകേണ്ടിവന്നിരുന്നു. ജീവിക്കാനായി മറ്റു വീടുകളിൽ അടുക്കളപ്പണിക്കു പോകേണ്ടിവന്നു. മുന്നിൽ തുറിച്ചുനോക്കിക്കൊണ്ട് ഇരുൾ നിറഞ്ഞ ഭാവി നിൽക്കുമ്പോൾ, ജനിച്ച കുഞ്ഞിനെ – അതായത് എന്നെ – ബക്കറ്റിലെ വെള്ളത്തിലിട്ട് കൊല്ലാതെ വളർത്തിയതിന് നന്ദി. ഒരായിരം നന്ദി!

# മസാലദോശയുടെകൂടെ കിട്ടുന്ന ആ വട!

**2021**

അടുത്തുള്ള ഒരു ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് തുടങ്ങാനായി ഞാനും എന്റെ രണ്ടു മക്കളും പോയി. മൂന്നു പേർക്കും വ്യത്യസ്ത അക്കൗണ്ടുകൾ തുടങ്ങണം.

ഫോമുകൾ പൂരിപ്പിച്ചു കൊടുക്കേണ്ടതുണ്ടായിരുന്നു. കൂട്ടത്തിൽ ഇൻഷുറൻസ് പോളിസിയുടെ മൂന്നു ഫോമുകൾ പൂരിപ്പിക്കണം.

"ഇതെന്തിനാണ്?"

എന്റെ ചോദ്യം.

"ഇത് ഇൻഷുറൻസ് ആണ്. 14 രൂപയുടെ... 100 രൂപയുടെ... 1000 രൂപയുടെ..." അവരുടെ വിശദീകരണം.

"ഇതെല്ലാം ഓരോ കൊല്ലവും ഞാൻ അടയ്ക്കേണ്ടേ?"

"ബുദ്ധിമുട്ടുണ്ടെങ്കിൽ വേണ്ട. ഈ ഒരൊറ്റ തവണ അടച്ചാൽ മതിയാകും. അപ്പോൾ ഈ ഒരു കൊല്ലം ഇൻഷുറൻസ് പരിരക്ഷ ലഭിക്കും."

ഞാൻ ആകെ ആശയക്കുഴപ്പത്തിലായി. അക്കൗണ്ട് ചേരാൻ വന്ന ഞങ്ങൾ മൂന്നു പേരും കൂടി 3000-ത്തിലധികം തുക ഇൻഷുറൻസ് അടയ്ക്കണം.

"ഞങ്ങൾക്ക് ഇൻഷുറൻസ് വേണ്ട. അക്കൗണ്ട് തുടങ്ങിയാൽ മതി." ഞാൻ പറഞ്ഞു.

"അയ്യോ അതു പറ്റില്ല. അക്കൗണ്ട് തുടങ്ങണമെങ്കിൽ ഇൻഷുറൻസ് ചേരണം." എനിക്കു ലഭിച്ച മറുപടി.

"വേണ്ട. ഇൻഷുറൻസ് വേണ്ട. അക്കൗണ്ട് ഓപ്പൺ ചെയ്താൽ മതി." ഞാൻ എന്റെ വാക്കിൽ ഉറച്ചുനിന്നു.

"അങ്ങനെയാണെങ്കിൽ മാനേജരെ കണ്ടു സംസാരിക്കൂ." എനിക്കു ലഭിച്ച മറുപടി.

"ശരി, ഞാൻ സംസാരിക്കാം."

മാനേജരോട് കാര്യം പറഞ്ഞു. മാനേജരുടെ പ്രതികരണം ഇപ്രകാരമായിരുന്നു: “അക്കൗണ്ട് തുടങ്ങണമെങ്കിൽ ആ മൂന്നു ഇൻഷുറൻസും ചേരണം. അല്ലാതെ പറ്റില്ല.”

‘‘എനിക്ക് അക്കൗണ്ട് മാത്രം ചേർന്നാൽ മതി. ഇൻഷുറൻസ് ചേർന്നെങ്കിലേ അക്കൗണ്ട് തുടങ്ങാൻ പറ്റുകയുള്ളൂ എന്നൊരു നിയമം റിസർവ് ബാങ്ക് ഇറക്കിയിട്ടുണ്ടോ?”

മാനേജർക്ക് ഉത്തരം മുട്ടി. റിസർവ്ബാങ്ക്, നിയമം എന്നൊക്കെയുള്ള വാക്കുകൾ കേട്ടപ്പോൾ, ഇനി ഇയാളെക്കൊണ്ട് ഇൻഷുറൻസ് എടുപ്പിക്കുന്ന കാര്യം നടപ്പില്ലെന്നു അദ്ദേഹത്തിനു ബോധ്യമായിക്കാണണം.

“എന്നാൽ ശരി, സാറിന് അക്കൗണ്ട് തുടങ്ങാം. മക്കൾക്ക് പറ്റില്ല. അക്കൗണ്ട് തുടങ്ങണമെങ്കിൽ പാൻ കാർഡ് നിർബന്ധമാണ്. മക്കൾക്ക് പാൻകാർഡ് ഇല്ലല്ലോ.” മാനേജരുടെ വിശദീകരണം.

“ഇൻഷുറൻസ് ചേരുകയാണെങ്കിൽ എന്റെ മക്കൾക്ക് അക്കൗണ്ട് തുടങ്ങാൻ പറ്റുമോ?”

“ഉവ്വ്. അത് ഞങ്ങൾ ചില വിട്ടുവീഴ്ചകൾ ചെയ്യുന്നതാണ്. പിന്നീട് പാൻകാർഡ് കൊണ്ടുവന്നാൽ മതി. ഇൻഷുറൻസ് ചേരുന്നില്ലെങ്കിൽ ഞങ്ങൾ ആ വിട്ടുവീഴ്ച ചെയ്യാൻ തയ്യാറല്ല.”

‘‘കസ്റ്റമേഴ്സിനെ നിങ്ങൾ മനപൂർവ്വം ബുദ്ധിമുട്ടിക്കുകയാണ് എന്നാണ് എനിക്കു തോന്നുന്നത്.” എന്റെ ഈ വാചകത്തിനു അദ്ദേഹം മറുപടി പറഞ്ഞില്ല. പകരം ഒന്നു ചിരിച്ചു.

എനിക്കു പാൻകാർഡ് ഉണ്ടായിരുന്നതുകൊണ്ട് ഞാൻ അക്കൗണ്ട് ഓപ്പൻ ചെയ്തു. മക്കൾക്ക് അന്നു തന്നെ പാൻകാർഡിന് അപേക്ഷിച്ചു.

ഇ-പാൻകാർഡ് ശരിയായപ്പോൾ അതുമായി വീണ്ടും ആ ബാങ്കിനെ സമീപിച്ചു.

അവിടെ കൗണ്ടറിലുണ്ടായിരുന്ന സ്റ്റാഫ് അത് കമ്പ്യൂട്ടറിൽ എന്റർ ചെയ്യുവാൻ ആരംഭിച്ചു. അപ്പോഴേക്കും മാനേജർ അദ്ദേഹത്തെ ഫോണിൽ വിളിച്ചു.

‘‘മാനേജരെ കാണണം.’’ അദ്ദേഹം ഞങ്ങളോടു പറഞ്ഞു.

മാനേജരുടെ അടുത്തു ചെന്നപ്പോൾ അദ്ദേഹം പറഞ്ഞു. “ഇ-പാൻകാർഡ് പറ്റില്ല. അവർ തപാലിൽ അയച്ചുതരുന്ന പാൻകാർഡ് തന്നെ വേണം.”

‘‘ഇതു ശരിയാണോ എന്നു ഞാൻ അന്വേഷിക്കും.”

“ഓ... അന്വേഷിച്ചോളൂ.”

ഞാൻ തൃശ്ശൂർ ഇൻകംടാക്സ് ഓഫീസുമായി ബന്ധപ്പെട്ടു. “ഇ-പാൻകാർഡ് വാലിഡ് ആണ്. നിങ്ങൾക്ക് ബാങ്കിന്റെ ഗ്രീവൻസ് സെല്ലിൽ പരാതിപ്പെടാം.”

ഞാൻ അതു തന്നെ ചെയ്തു. ബാങ്കിന്റെ ഗ്രീവൻസ് സെല്ലിലേക്ക് പരാതി അയച്ചു.

അവിടെനിന്നും എന്നെ നേരിൽ

ഫോണിൽ വിളിച്ച് അവർ വിശദാംശങ്ങൾ ചോദിച്ചറിഞ്ഞു.

അധികം താമസിയാതെ ബാങ്കിന്റെ മാനേജർ എന്നെ ഫോണിൽ വിളിച്ചു: "അക്കൗണ്ട് ഓപ്പൻ ചെയ്യാം."

അങ്ങനെ എന്റെ മക്കളും അവിടെ അക്കൗണ്ട് ഓപ്പൻ ചെയ്തു. ഒരു തവണ പോയി നടക്കേണ്ട കാര്യത്തിന് മൂന്നു തവണ പോകേണ്ടിവന്നു. ബുദ്ധിമുട്ടേണ്ടി വന്നു. ആരും ഒരു സോറി പോലും പറഞ്ഞില്ല. എന്നാലും ഇൻഷുറൻസ് എടുക്കാതെ ബാങ്കിൽ അക്കൗണ്ട് തുടങ്ങാൻ കഴിഞ്ഞു.

*ഹോട്ടലിൽ കയറി മസാലദോശ ഓർഡർ ചെയ്താൽ, ഹോട്ടലുകാരുടെ ഒരു ട്രിക്ക് ഉണ്ട്. അവർ മസാലദോശയുടെ കൂടെ, ഉഴുന്നുവട കൂടി തരും. ഫ്രീ അല്ല. അതിനു പത്തു രൂപ വേറെ ചാർജ്ജ് ഈടാക്കുകയും ചെയ്യും.*

*ഈ ബിസിനസ് തന്ത്രം എനിക്കു പണ്ടേ ഇഷ്ടമല്ല. അതുകൊണ്ട് ഞാൻ എങ്ങാനും ഹോട്ടലിൽ കയറി മസാലദോശ ഓർഡർ ചെയ്താൽ, അവർ അതിനോടൊപ്പം കൊണ്ടുവരുന്ന ഉഴുന്നുവട വാങ്ങാൻ ഞാൻ തയ്യാറാവുകയില്ല. ഉഴുന്നുവട വേണ്ട എന്നു തന്നെ പറയും.*

*ആ എന്നോടാണ്, അക്കൗണ്ട് തുടങ്ങുന്നതിനു ഇൻഷുറൻസിൽ ചേരണം എന്നു പറഞ്ഞു അവർ വാശി പിടിച്ചത്. മസാലദോശയോടൊപ്പമുള്ള ഉഴുന്നുവടയായിട്ടാണ് എനിക്ക് അത് അനുഭവപ്പെട്ടത്.*

*അതു സൗജന്യമായിരുന്നുവെങ്കിൽ ഞാൻ വാങ്ങുമായിരുന്നു. ചെറുപ്പം മുതലേ വീട്ടിൽ സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടായിരുന്നതുകൊണ്ട്, ഫ്രീ ആയി കിട്ടുന്ന സാധനങ്ങളാണ് പലപ്പോഴും ഉപയോഗിക്കാറുള്ളത്.*

*ആ സ്വഭാവം ജീവിതത്തിൽ ഗുണം ചെയ്തു. രക്ഷ സൗജന്യമാണ് എന്ന് മനസ്സിലായപ്പോൾ അത് ഉൾക്കൊള്ളാൻ പെട്ടെന്നു കഴിഞ്ഞു. മലകൾ കയറിയും, നിരങ്ങി നീങ്ങിയും, പണം കൊടുത്തും ആളുകൾ സ്വർഗ്ഗത്തിൽ പോകാൻ കഠിനാദ്ധ്വാനം ചെയ്തുകൊണ്ടിരിക്കുമ്പോൾ, അതൊന്നും ചെയ്യാതെ കർത്താവ് കാൽവരിയിൽ രക്തം ചൊരിഞ്ഞുകൊണ്ട് എനിക്കു വരുത്തിയ രക്ഷ, ആ കർത്താവിൽ വിശ്വസിച്ചുകൊണ്ട്, സൗജന്യമായി ഞാൻ സ്വന്തമാക്കി.*

*പാപത്തിന്റെ ശിക്ഷയിൽനിന്നുള്ള വിടുതൽ മാത്രമല്ല എനിക്കു ലഭിച്ചത്. ദൈവത്തിന്റെ പരിപാലനം, സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹങ്ങൾ എന്നിങ്ങനെ നിരവധി കാര്യങ്ങൾ - ആത്മികതലത്തിലും ഭൗതികതലത്തിലും ഉള്ളവ - എനിക്കു ലഭിച്ചു. എല്ലാം ഫ്രീ ആയിരുന്നതുകൊണ്ട്, ഉഴുന്നുവട നിരസിക്കുന്നതുപോലെ ഞാൻ നിരസിച്ചുമില്ല.*

പൊതുജനത്തിനു ഉപകാരിയായിത്തീരേണ്ട ബാങ്ക്, പൊതുജനത്തെ ബുദ്ധിമുട്ടിക്കുന്ന ഒന്നാകരുത് എന്ന് മാനേജരെ ഉപദേശിച്ചുകൊണ്ടാണ് ഞാൻ ഈ യുദ്ധത്തിന് വിരാമം കുറിച്ചത്. മാനേജർ യാതൊന്നും പ്രതികരിച്ചുമില്ല. ❍

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th January 2022

Posted at
Thrissur RMS

**ആനുകാലികം**

## കനാലിൽനിന്നും ധ്യാനകേന്ദ്രത്തിലേക്ക്!

2021 ഡിസംബർ 25-ാം തീയതി മലയാള മനോരമയോടൊപ്പമുണ്ടായിരുന്ന സപ്ലിമെന്റിൽ വായിച്ച വാർത്തകളിൽ ഒന്നിന്റെ ചുരുക്കം:

നടനും മിമിക്രി താരവുമായ സുധീഷ് അഞ്ചേരിക്ക് 10 വർഷം മുമ്പ് ഓടയിൽനിന്നും ഒരു ശില്പം കിട്ടി. ആരോ ഉപേക്ഷിച്ചുപോയ വേളാങ്കണ്ണിമാതാവിന്റെ തകർന്ന രൂപമായിരുന്നു അത്. രൂപത്തിന്റെ തലയിലെ കിരീടം തകർന്ന നിലയിലായിരുന്നു. കയ്യും കാലും മുഖവും അങ്ങിങ്ങായി പൊട്ടിപ്പൊളിഞ്ഞ നിലയിലായിരുന്നു. സുധീഷ് അതെടുത്ത് വീട്ടിൽ കൊണ്ടുപോയി. പ്ലാസ്റ്റർ ഓഫ് പാരീസ് ഉപയോഗിച്ച് അത് നന്നാക്കിയെടുത്തു. വീണ്ടും പെയിന്റ് അടിച്ചു. തലോർ ജെറൂസലേം ധ്യാനകേന്ദ്രത്തിലാണ് ഇപ്പോൾ ആ രൂപം ഉള്ളത്.

*വാൽക്കഷണം:* വിഗ്രഹങ്ങൾ ഉണ്ടാക്കരുത്, അവയെ വണങ്ങരുത് എന്നൊക്കെ ബൈബിളിൽ എഴുതിവച്ചിട്ടുള്ളത് വായിച്ചു മനസ്സിലാക്കിയ ഏതോ ഒരാൾ തന്റെ വീട്ടിലുണ്ടായിരുന്ന വേളാങ്കണ്ണിമാതാവിന്റെ വിഗ്രഹം കനാലിലേക്ക് വലിച്ചെറിഞ്ഞതാകാനുള്ള സാധ്യത തള്ളിക്കളയാനാകില്ല. പൊട്ടിത്തകർന്നുപോയ മാതാവിന് വീണ്ടും പുനർജന്മം കിട്ടി. ആ മാതാവിനെ തൊട്ടുവന്ദിക്കാനും അനുഗ്രഹം നേടാനും ഭക്തർ ധാരാളം! നാം സംരക്ഷിച്ചില്ലെങ്കിൽ തകർന്നു നശിച്ചുപോകുന്ന രൂപത്തിനോട്, നമ്മെ സംരക്ഷിക്കാൻ അപേക്ഷിക്കുന്നത് കോമഡിയാണത്രേ! ❍

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V.